നം. സി.ജനറൽ1/ 39200 /2019/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി : 14/01/2020

പ്രേഷകൻ

ജോയിന്റ് കമ്മീഷണർ
(പരീക്ഷാസെക്രട്ടറിയുടെ പൂർണ്ണ അധികചുമതല)

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2020 - iExaMS മുഖേന പരീക്ഷ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 31.10.2019-ലെ എസ്.എസ്.എൽ.സി. പരീക്ഷാവിജ്ഞാപനം സി.ജി.എൽ1/39200/19.
2. ഈ ഓഫീസിലെ 26.12.2019-ലെ ഇതേ നമ്പർ കത്ത്.

മാർച്ച് 2020-ലെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ (SGC, ARC, RAC, CCC, PVT) രജിസ്ട്രേഷൻ ഓൺലൈനായി 09.01.2020-ന് മുമ്പായി പൂർത്തീകരിക്കണമെന്ന് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഓൺലൈനായി രജിസ്ട്രേഷൻ പൂർത്തീകരിച്ച SGC, ARC, RAC, CCC വിഭാഗം വിദ്യാർത്ഥികളുടെ Online Confirmation പൂർത്തീകരിക്കേണ്ട അവസാന തീയതി 10.01.2020 എന്നത് 13.01.2020 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ ചില വിദ്യാലയങ്ങളിൽ Confirmation നടപടികൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് DEO Login -ൽ ലഭ്യമാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മേൽ പരാമർശം ലിസ്റ്റിൽ ഉൾപ്പെട്ട സ്കൂളിലെ പ്രധാന അദ്ധ്യാപകർക്ക് Online Confirmation നടപടികൾ 14.01.2020-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പൂർത്തീകരിക്കാൻ കർശന നിർദ്ദേശം നൽകേണ്ടതാണ്. സമയപരിധി ദീർഘിപ്പിച്ച് നൽകിയിട്ടും Confirmation പൂർത്തീകരിക്കാത്ത ടി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരുടെ ഭാഗത്ത് നിന്നുള്ള നടപടി കൃത്യവിലോപമായി കണക്കാക്കുന്നതാണ്.

ഓൺലൈൻ Confirmation പൂർത്തീകരിക്കാൻ സാധിക്കാത്ത തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ iexamhelpdesk@gmail.com എന്ന വിലാസത്തിൽ 14.01.2020-ന് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി സ്കൂളിന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിൽ നിന്നും സ്കൂൾ ലെറ്റർ പാഡിൽ തയ്യാറാക്കിയ പ്രധാനഅദ്ധ്യാപകൻ ഒപ്പ് വച്ച് സ്കൂൾ സീൽ പതിപ്പിച്ച അപേക്ഷ (with School Code) സ്കാൻ ചെയ്ത് ഇ-മെയിൽ ചെയ്യേണ്ടതാണ്.

താങ്കളുടെ അധികാരപരിധിയിലെ ഏതെങ്കിലും സ്കൂളുകളിൽ CCC, Private വിഭാഗം രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം 14.01.2020-ന് 3 PM-ന് മുമ്പായി മേൽ പരാമർശിച്ച രീതിയിൽ മെയിൽ ചെയ്യേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക തടസ്സം പരിഹരിച്ച് നൽകുന്നതായിരിക്കും. സ്കൂളുകളിൽ നിന്നും ഓൺലൈൻ പ്രവർത്തനങ്ങൾ Private (Registration) and SGC, ARC, RAC, CCC (Registration and Confirmation) 14.01.2020 -ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പൂർത്തീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് കമ്മീഷണർ
(പരീക്ഷാസെക്രട്ടറിയുടെ പൂർണ്ണ അധികചുമതല)

പകർപ്പ്

എല്ലാ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർക്കും (iExaMS –ലെ HM Login മുഖേന)

SK